**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **11-10-2021 - ൽ മറുപടിയ്ക്ക്**

**ചെലവേറിയ രോഗങ്ങളുടെ ചികിത്സയ്ക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; ഇതുമുഖേന രോഗികൾക്ക് ധനസഹായം നൽകുന്നുണ്ടോ; അറിയിക്കാമോ? | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് (KBF)പദ്ധതി നിലവിലുണ്ട്. ഇതു മുഖേന രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ് (SHA) കാരുണ്യ ബെനവലന്റ് പദ്ധതിയും നടപ്പിലാക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽ നിന്നും KBF ന്റെ സേവനം ലഭ്യമാണ്. KASP ഗുണഭോക്താക്കൾ അല്ലാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബാംഗങ്ങൾക്കും KBF പദ്ധതിയിലൂടെ 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ആനുകൂല്യം ഒറ്റത്തവണത്തേയ്ക്ക് ലഭിക്കുന്നതാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്കാണെങ്കിൽ 3 ലക്ഷം രൂപയുടെ ആനുകൂല്യവും ലഭ്യമാകുന്നു. KBF പദ്ധതി സംബന്ധമായ എല്ലാ സേവനങ്ങളും സൗജന്യമായി എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ലഭ്യമാണ് |

സെക്ഷൻ ഓഫീസർ